പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 72 — 18.03.2013 ൽ മറുപടിക്ക്

**അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ**

ചോദ്യം: ശ്രീ.ഇ.പി.ജയരാജൻ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിൽ ഐ.എ.എസിൽ നിന്ന് നാലും, ഐ.എഫ്.എസിൽ നിന്ന് രണ്ടും, ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ഐ.പി.എസിൽ നിന്ന് ആരും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഐ.എ.എസ്**

1. ഡോ.ആശാ തോമസ് ഐ.എ.എസ് (ചൈൽഡ് കെയർ ലീവ്)
2. ശ്രീമതി. രചന ഷാ ഐ.എ.എസ് (ചൈൽഡ് കെയർ ലീവ്)
3. ശ്രീമതി. അരുണ സുന്ദരരാജൻ ഐ.എ.എസ് (പഠന അവധി)
4. ശ്രീമതി. ടിങ്കു ബിസ്വാൾ ഐ.എ.എസ് (ചൈൽഡ് കെയർ ലീവ്)

**ഐ.എഫ്.എസ്**

1. ശ്രീ.ഗംഗാസിംഗ് ഐ.എഫ്.എസ് (പഠന അവധി)
2. ശ്രീമതി.ടി.ഉമ ഐ.എഫ്.എസ് (ചൈൽഡ് കെയർ ലീവ്)

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസിൽ നിന്ന് 16 ഉദ്യോഗസ്ഥരും, ഐ.എഫ്.എസിൽ നിന്ന് 5 ഉദ്യോഗസ്ഥരും, ഐ.പിഎസിൽ നിന്ന് 6 ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| (സി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ആർക്കെല്ലാമെതിരെ എന്തു ശിക്ഷണനടപടിയാണ് സ്വീകരിച്ചതെന്നും, എന്തു കാരണത്താലാണ് ശിക്ഷണനടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെതിരെയും ആറു ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കെതിരെയും, അഞ്ച് ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## IAS Officers who proceeded through Central Deputation after 18.05.2011

| Sl.No. | Name | Grade | Designation |
| --- | --- | --- | --- |
| 1 | Shri.S.M.Vijayanand IAS (KL:81) | ACS | Additional Secretary, Department of Rural Development, Ministry of Rural Development. |
| 2 | Shri.Ajay Kumar Gupta IAS (KL:81) | Principal Secretary | CVO in MMTC, New Delhi. |
| 3 | Shri.Amarendra Kumar Dubey IAS(KL:82) | Principal Secretary | As Joint Secretary in the Ministry of Panchayati Raj. |
| 4 | Shri.UKS Chauhan (KL : 86) | Principal Secretary | J.S. In the Dept. of Food and Public Distribusion . |
| 5 | Shri.T.K.Manoj Kumar (KL:87) | Principal Secretary | J.S. In the Ministry of Overseas Indian Affairs. |
| 6 | Shri.Teeka Ram Meena IAS (KL:88) | Secretary | As Joint Secretary (S,D&A) in the Ministry of Social Justice and Empowerment, "A" Wing, Shastri Bhavan, New Delhi 110001 |
| 7 | Shri. Manoj Joshi IAS (KL:89) | Secretary | As Joint Secretary, Department of Personnel and Training, New Delhi, Government of India |
| 8 | Shri.Devendra Kumar Singh IAS (KL:89) | Secretary | AS ADDITIONAL DIRECTOR GENERAL FOREIGN TRADE UNDER THE DEPARTMENT OF COMMERCE, GOVERNMENT OF INDIA Room No.09, H-Wing, Gate No.2, Directorate General of Foreign Trade, M/o Commerce & Industry, Udyog Bhavan, New Delhi-110011.Tele 011-23063466/ fax:23061613. Email: dksingh@nic.in |

| | | | |
|---|---|---|---|
| 9 | Shri.Rajesh Kumar Singh IAS (KL:89) | Secretary | Joint Secretary in the Ministry of Information and Broadcasting |
| 10 | Shri. Alkesh Kumar Sharma (KL:90) | Secretary Grade | Appointment as Joint Secretary in the Ministry of Road Transport and Highways, New Delhi, |
| 11 | Dr.V.Venu IAS (KL 90) | Secretary | Appointment as Joint Secretary in the Ministry of Culture, New Delhi, 334 C Wing Shastri Bhawan, New Delhi 91-11-23381198, Email:venu[at]nic[dot]in |
| 12 | Dr.A. Jayathilak IAS (KL: 91), | Secretary | As Chairman, Spices Board, Kochi under the Depatment of Commerce, Sugandha Bhavan,NH By-Pass, P.B.No. 2277, Palarivattom.P.O,Cochin 682025 |
| 13 | Smt. Ishita Roy IAS (KL:91) | Secretary | Appointment as Member Secretary in the Central Silk Board, Bengaluru (Karnataka) (Joint Secretary level) under the Ministry of Textiles CSB, CSB Complex,BTM Layout, Madivala, Bangalore-560068 |
| 14 | Shri. Sanjay Garg IAS (KL:94) | Secretary | As Director in the Department of Economic Affairs, under the Ministry of Finance, New Delhi |
| 15 | Shri. Anand Singh, IAS (KL:2000) | JAG | As Private Secretary to the Hon'ble Minister of State for External affairs, Government of India |
| 16 | Dr. Dinesh Arora IAS (KL:2002), | Additional Secretary | Appointment as Deputy Secretary, Ministry of Urban Development, New Delhi, appointed as PS to the Minister of State for Communications &IT wef 25.07.2011 |

Section Officer

## IFS Officers who proceeded through Central Deputation after 18.05.2011

| Sl. No. | Name | Grade | Designation |
|---|---|---|---|
| 1 | Shri.J.Justin Mohan, IFS, (KL:99) | CF Grade | First Secretary (Development Co-operation), High Commission of India, Colombo, 36-38 Galle Road, Colombo-3, Srilanka |
| 2 | Shri.Shakthikanth Khanduri IFS(KL:84) | APCCF Grade | IG of Forests in MOEF under CSS |
| 3 | Shri.Lakhwinder Singh IFS(KL:80) | APCCF Grade | Additional Principal Chief Conservator of Forests, Regional Office, Western Region, MOEF. |
| 4 | Shri. AK Goyal IFS(KL:81) | APCCF Grade | Additional Principal Chief Conservator of Forests, Chandigarh Central Staffing Scheme, MOEF. |
| 5 | Dr.Nagesh Prabhu IFS (KL:84) | APCCF Grade | JS in the Department of Health Research, Ministry of Health & Family Welfare. |

Section Officer

**IPS Officers who proceeded through Central Deputation after 18.05.2011**

| Sl. No. | Name | Grade | Designation |
|---|---|---|---|
| 1 | Shri.Gopesh Agrawal IPS (KL:98) | DIG Grade | Assistant Director, SVPNPA assumed charge on2.5.2012 FN |
| 2 | Shri.T.Vikram(KL:1998) | DIG Grade | DIG in CISF |
| 3 | Shri.Anoop Kuruvila John (Kl;2004) | Senior Scale | SP in National Investigation Agency |
| 4 | Shri.Vikramjith Singh (KL:2004) | Senior Scale | OSD in the Personal Staff of Minister for Youth Affairs& Sports |
| 5 | Shri.Neeraj Kumar Gupta(KL:2005) | Senior Scale | Principal, Central Detective Training School, Ghaziabad |
| 6 | Shri.Kori Sanjay Kumar Gurudin IPS (KL:2005) | Senior Scale | joined as SP in the o/o the DG,NIA HQ New Delhi on 03.05.2012 for a period of 4 years posted to NIA Branchoffice Lucknow |

Section Officer

## അനുബന്ധം 2

## അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച അച്ചടക്ക നടപടികൾ

### ഐ.എ.എസ്.

1) ഡോ.ബി.അശോക് ഐ.എ.എസ് (KL:1998) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്നപ്പോൾ ധനകാര്യ വകുപ്പ് മന്ത്രിക്ക് അയച്ച കത്തിൽ ആക്ഷേപകരമായ ഭാഷ ഉപയോഗിച്ചുവെന്നും 10-10-2011 തീയതിയിലെ മലയാള മനോരമ പത്രത്തിൽ അധിക ചുമതല വഹിക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥരെ വിമർശിച്ചുകൊണ്ടും അവരുടെ കാര്യക്ഷമതയെ ചോദ്യം ചെയ്തുകൊണ്ടും സർക്കാരിന്റെ നടത്തിപ്പിനെ വിമർശിച്ചുകൊണ്ടും ലേഖനം എഴുതി എന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ 1969 ലെ ആൾ ഇൻഡ്യ സർവ്വീസ് (അച്ചടക്കവും അപ്പീലും) ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും തുടർന്ന് സർക്കാർ പരിശോധിച്ച് " Warning' നൽകി തീർപ്പാക്കുകയും ചെയ്യുകയുണ്ടായി.

### ഐ.എഫ്.എസ്.

a) ശ്രീ.പുകഴേന്തി ഐ.എഫ്.എസ്. കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റെയിഞ്ചിലെ 2008 ഈറ ബാംബു പ്ലാന്റേഷൻ, ഈറ ടീക്ക് പ്ലാന്റേഷൻ എന്നിവയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും, ഇപ്പോൾ ആൾ ഇന്ത്യാ സർവ്വീസ് (D&A) റൂൾ 8 പ്രകാരമുള്ള എൻക്വയറി ആരംഭിച്ചിട്ടുണ്ട്.

b) ശ്രീ.അമർനാഥഷെട്ടി ഐ.എഫ്.എസിനെതിരെ അരുവാക്കോട് ഫോറസ്റ്റ് റെയിഞ്ചിലെ മെഴുകുംപാറ റെയ്ഞ്ചിലെ നിയമവിരുദ്ധ മരം മുറിക്കലുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്കും എതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും, നടപടി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശിക്ഷാനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

c) ശ്രീ.കെ.എ.മൊഹമ്മദ് നൗഷാദ് ഐ.എഫ്. എസിനെതിരെ മൂന്നാർ റെയ്ഞ്ചിലെ ചന്ദനലേലത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി സ്വീകരിക്കുകയും, ആൾ ഇന്ത്യാ സർവ്വീസ് (D&A) റൂൾ 8 പ്രകാരമുള്ള എൻക്വയറി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

d) ശ്രീ.മെഹർസിംഗ് ഐ.എഫ്.എസിനെതിരെ സർക്കാർ അനുമതിക്ക് വിരുദ്ധമായി പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്.

e) ശ്രീ.കെ.വി.രവികുമാർ ഐ.എഫ്.എസിനെതിരെ കുളത്തുപ്പുഴ റെയ്ഞ്ചിലെ തേക്ക് വിത്ത് ശേഖരണത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി ആരംഭിക്കുകയും ടിയാന്റെ പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി തീർപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

f) ശ്രീ.എ.ആർ.ശശികുമാർ ഐ.എഫ്.എസ്., ശ്രീ.പുകഴേന്തി ഐ.എഫ്.എസ്. എന്നിവർക്കെതിരെ 'New SR Industries' എന്ന പേരിൽ നിലവിലില്ലാത്ത തടിമില്ലിനെ കലഞ്ഞൂർ പഞ്ചായത്ത് കോന്നി ഡിവിഷനിൽ നിന്നും അഞ്ചുകുന്ന് വില്ലേജി (മാനന്തവാടി) ലേക്ക് മാറ്റുവാൻ NOC നൽകിയതുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്.

### ഐ.പി.എസ്

i) ശ്രീ.ടോമിൻ.ജെ.തച്ചങ്കരി ഐ.പി.എസ് നടത്തിയ അനധികൃത വിദേശയാത്രയുമായി ബന്ധപ്പെട്ട് NIAയുടെ അന്വേഷണത്തിൽ വെളിവായ ക്രമക്കേടുകളുടെ പേരിൽ ശ്രീ. ടോമിൻ തച്ചങ്കരിയ്ക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണത്തിന്

ഉത്തരവായിട്ടുമുണ്ട്. ടിയാനെതി രെയുള്ള അന്വേഷണനടപടികൾ പൂർത്തിയായിട്ടില്ല.

ii) ശ്രീ.ഇ.ജെ.ജയരാജ് ഐ.പി.എസിനെതിരെ പെരുമാറ്റദൂഷ്യത്തിന്റെ പേരിൽ അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല.

Iii) ശ്രീ.വി.സി.മോഹനൻ ഐ.പി.എസ് 2012 -ലെ ആറ്റുകാൽ പൊങ്കാലയിൽ പങ്കെടുത്തവർക്കെതിരെ ഗതാഗത തടസ്സം ഉണ്ടാക്കിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടികൾ ആരംഭിക്കുകയും ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിച്ച് ഉത്തരവായിട്ടുമുണ്ട്.

iv) അനധികൃതമായി ജോലിക്ക് ഹാജരാകാതെയും സർക്കാരിന്റെ അനുമതി വാങ്ങാതെയും സ്വകാര്യജോലിയിൽ ഏർപ്പെട്ടുമായി ബന്ധപ്പെട്ട് ശ്രീ. ജി.ലക്ഷ്മൺ ഐ.പി. എസിനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും ആയത് തുടർന്നുവരികയുമാണ്.

v) All India Service (Conduct) Rules ലംഘനത്തിന്റെ പേരിൽ ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസിനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി ടിയാനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ